**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2855

18.08.2017- ൽ
മറുപടിയ്ക്ക്

**ചാലക്കുടി നഗരസഭാ പ്രദേശത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

ചോദ്യം
**ശ്രീ.ബി.ഡി.ദേവസ്സി**

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) ചാലക്കുടി നഗരസഭയിൽ വിവിധ വകുപ്പുകൾക്കു കീഴിൽ നിരവധി സ്ഥലങ്ങൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പോലീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്തിരുന്ന മുനിസിപ്പൽ ജംഗ്ഷനോട് ചേർന്ന സ്ഥലം, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മെക്കാനിക്കൽ വർക്ക്ഷോപ്പ് വക സ്ഥലം, പോട്ട താണിപ്പാറ എന്നീ സ്ഥലങ്ങൾ വിവിധ വികസനാവശ്യങ്ങൾക്കായി അളന്ന് നിശ്ചയിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) പോലീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്തിരുന്ന മുൻസിപ്പൽ ജംഗ്ഷനോട് ചേർന്ന സ്ഥലം, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മെക്കാനിക്കൽ വർക്ക്ഷോപ്പ് വക സ്ഥലം, പോട്ട താണിപ്പാറ എന്നീ സ്ഥലങ്ങൾ വിവിധ വികസനാവശ്യങ്ങൾക്ക് ശുപാർശ ചെയ്യുന്ന മുറയ്ക്ക് ടി വകുപ്പുകളുടെ അനുമതിയോടെ അളന്ന് നിശ്ചയിച്ച് സംരക്ഷിക്കുന്നതാണ്. |
| സി) ദേശീയപാതയോട് ചേർന്ന് കിടക്കുന്ന പോലീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്തിരുന്ന സ്ഥലം അനധികൃതമായി കയ്യേറിയത് തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) പോലീസ് ക്വാർട്ടേഴ്സ് ആയിരുന്ന സ്ഥലം ചിലർ അനധികൃതമായി കയ്യേറ്റം നടത്തുകയും, കിഴക്കേ ചാലക്കുടി സർവ്വെ 293/2-ൽപ്പെട്ട ടി സ്ഥലത്തിന് എൽ.എ 13185/67, എൽ.എ 55/64 എന്നീ പട്ടയപ്രകാരം കാലടി പറമ്പിൽ കെ.അനന്തൻ നായർ ഉടമസ്ഥാവകാശവാദം ഉന്നയിക്കുകയും അനധികൃത കയ്യേറ്റം പിന്നീട് ഒഴിപ്പിക്കുകയും തുടർന്ന് അവകാശവാദം ഉന്നയിച്ച പട്ടയങ്ങൾ റദ്ദ് ചെയ്യുകയും ചെയ്തിട്ടുള്ളതും ടി നടപടിക്കെതിരെ എതിർകക്ഷികൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP(C) 23903/07 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും അന്തിമവിധി വന്നിട്ടില്ലാത്തതുമാണ്. |

Indu.S.S

**സെക്ഷൻ ഓഫീസർ**